**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 462** **24-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയാ പിഴവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ കോളജുകളിൽ ശസ്ത്രക്രിയയിൽ പിഴവുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ മെഡിക്കൽ കോളജുകളിൽ ശസ്ത്രക്രിയയിൽ പിഴവുകൾ ആരോപിച്ച് ചുവടെ ചേർത്തിരിക്കുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>1. കൈകളിൽ ശസ്ത്രക്രിയനടത്തുന്നതിനു പകരം നാവിൽ ശസ്ത്രക്രിയ നടത്തി എന്ന് ആരോപിച്ച് ശ്രീ. റാഷിക്ക് വി പി, കോഴിക്കോട്, സമർപ്പിച്ച പരാതിയിന്മേൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടറെ സസ്പെൻഡ് ചെയ്യുകയും ടിയാനെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 30.11.2017 തീയതിയിൽ മൂന്നാമത്തെ പ്രസവത്തിന്റെ ഭാഗമായി നടത്തിയ സിസേറിയൻ സെക്ഷനെ തുടർന്ന് സർജിക്കൽ ഉപകരണം വയറ്റിൽ മറന്നുവച്ച് തുന്നിക്കെട്ടി എന്ന് ആരോപിച്ച് ശ്രീമതി. ഹർഷിന കെ കെ, കോഴിക്കോട്, സമർപ്പിച്ച പരാതിയിന്മേൽ വകുപ്പുതലത്തിലുള്ള അന്വേഷണവും പോലീസ് അന്വേഷണവും നടന്നു വരുന്നു. ബന്ധപ്പെട്ട ജീവനക്കാരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>3. കോഴിക്കോട് ഐ.എം.സി.എച്ച് -ലെ ആശുപത്രിയിൽ ചികിത്സ തേടിയിരുന്ന 57 വയസ്സുള്ള ശ്രീമതി. വിലാസിനി എന്ന രോഗി മരണപ്പെട്ടിരുന്നു. പ്രാഥമിക തലത്തിൽ നടത്തിയ അന്വേഷണത്തിൽ രോഗിക്ക് നൽകിയ ചികിത്സയിൽ വീഴ്ച കണ്ടെത്തിയിട്ടില്ല. എങ്കിലും പത്രമാധ്യമങ്ങൾ വഴി വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് (ചെയർമാൻ), പീഡിയാട്രിക്സ് സർജറി വകുപ്പ് മേധാവി |

| | | | |
|---|---|---|---|
| | | | (കമ്മിറ്റി അംഗം), ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ് മേധാവി (കമ്മിറ്റി അംഗം) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ കമ്മിറ്റി രൂപീകരിച്ച് അടിയന്തരമായി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ച് വരുന്നു.<br><br>4. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തിയ ജോസഫ് പോൾ എന്നയാളുടെ വയറ്റിൽ ശസ്ത്രക്രിയ ഉപകരണം മറന്നുവെച്ച സംഭവത്തിൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>5. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ, വൃക്ക മാറ്റി വയ്ക്കൽ സർജറിക്ക് കാലതാമസം നേരിട്ടതുമായി ബന്ധപ്പെട്ട് നെഫ്രോളജി, യൂറോളജി വിഭാഗം വകുപ്പ് മേധാവികളായ ഡോ. ജേക്കബ് ജോർജ്ജ്, ഡോ. വാസുദേവൻ എസ്. എന്നീ ഡോക്ടർമാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും Dr.Jacob George സർവീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നതിന് താത്കാലിക തീരുമാനം എടുത്തിട്ടുള്ളതും ഇത് സംബന്ധിച്ച് PSC -യുമായി കൂടിയാലോചിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്.<br><br>6. ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ ശ്രീമതി. സിന്ധു ജയപ്രകാശിന് അപ്പെന്റിസൈറ്റിസ് രോഗവുമായി ബന്ധപ്പെട്ട് 12.02.2022 തീയതിയിൽ നടന്ന ശസ്ത്രക്രിയയിൽ ചികിത്സാ പിഴവ് ഉണ്ടായിട്ടുണ്ട് എന്ന ആരോപണത്തിന്മേൽ പ്രാഥമിക റിപ്പോർട്ട് DME -യ്ക്ക് നല്കിയിട്ടുള്ളതും DME തലത്തിലുള്ള ഇൻക്വയറി നടന്നുവരുന്നതുമാണ്.<br><br>7. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ വച്ച് 04.07.2023 തീയതിയിൽ ശ്രീ. മാഹിൻ ബാബു -ന് തോളെല്ല് ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഉണ്ടായതായി ആരോപിക്കുന്ന ചികിത്സാ പിഴവ് സംബന്ധിച്ച് ടിയാൻ ബഹു: ന്യൂനപക്ഷ കമ്മീഷൻ മുൻപാകെ പരാതി സമർപ്പിച്ചിട്ടുള്ളതും ആശുപത്രിക്ക് പുറത്തുള്ള വിദഗ്ദ്ധ സംഘം ടി വിഷയം പരിശോധിക്കണം എന്ന് കമ്മീഷൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ DME തലത്തിൽ ഒരു വിദഗ്ദ്ധ അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളതും തുടർ നടപടികൾ കൈക്കൊണ്ട് വരുന്നതുമാണ്. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ ഹസീന എന്ന സ്ത്രീയുടെ | (ബി) | ഇത്തരം ആരോപണങ്ങൾ ഗൗരവമായി കാണുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് |

| | | | |
|---|---|---|---|
| | ശരീരത്തിൽ കത്രിക കണ്ടെത്തിയ സംഭവവും ഗർഭാശയം നീക്കൽ ശസ്ത്രക്രിയയെ തുടർന്ന് കുടലിന് മുറിവേറ്റ് വിലാസിനി എന്ന സ്ത്രീ മരിച്ച സംഭവവും ഉൾപ്പെടെ ശസ്ത്രക്രിയകളിൽ ഉണ്ടായ വീഴ്ചകൾ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | | ആശുപത്രിയിൽ 30.11.2017 തീയതിയിൽ മൂന്നാമത്തെ പ്രസവത്തിന്റെ ഭാഗമായി നടത്തിയ സിസേറിയൻ സെക്ഷനെ തുടർന്ന് ശ്രീമതി. ഹർഷിന എന്ന സ്ത്രീയുടെ ശരീരത്തിൽ കത്രിക കണ്ടെത്തിയ സംഭവത്തിൽ വകുപ്പുതലത്തിലുള്ള അന്വേഷണവും പോലീസ് അന്വേഷണവും നടന്നു. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ശ്രീമതി.ഹർഷിന.കെ.കെ.-യ്ക്ക് മന്ത്രിസഭായോഗതീരുമാന പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച G.O(Ms)no.79/2023/H&FWD dt:30/3/2023 ഉത്തരവുപ്രകാരം 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ഐ.എം.സി.എച്ച്-ലെ ആശുപത്രിയിൽ ചികിത്സ തേടിയിരുന്ന 57 വയസ്സുള്ള ശ്രീമതി.വിലാസിനി എന്ന രോഗി ആർത്തവ വിരാമത്തിന് ശേഷമുള്ള രക്തസ്രാവവും, ഗർഭാശയ ക്യാൻസറിന് മുന്നോടിയായുള്ള എൻഡോമെട്രിയൽ ഹൈപ്പർപ്ലേസിയ എന്ന രോഗാവസ്ഥയുമുള്ളതിനാൽ ഗർഭാശയവും അണ്ഡാശയങ്ങളും നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് 04.03.2025 ന് അഡ്മിറ്റ് ചെയ്തു. ഈ രോഗി രക്തസമ്മർദ്ദവും, റുമറ്റോയ്ഡ് ആർത്രൈറ്റിസ് എന്ന രോഗത്തിന് വേണ്ടി സ്റ്റീറോയ്ഡ്, Methotreyate എന്ന മരുന്നും കഴിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. 07.03.2025 ന് താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ഗർഭാശയവും, അണ്ഡാശയങ്ങളും നീക്കം ചെയ്തു. ഓപ്പറേഷന്റെ സമയത്തു തന്നെ ഗർഭാശയവും, കുടലും തമ്മിൽ ഒട്ടിച്ചേർന്ന ഭാഗം വിടർത്തുമ്പോൾ വൻകുടലിന്റെ ഭാഗത്ത് ഒരു ക്ഷതം കണ്ടെത്തുകയും, അപ്പോൾത്തന്നെ ജനറൽ സർജനെ വിളിച്ചുവരുത്തി ലാപ്രോസ്കോപ്പി വഴി ക്ഷതം തുന്നിച്ചേർക്കുകയും ചെയ്തു. എന്നാൽ ലീക്ക് സംശയിച്ചതിനാൽ 10.03.2025 ന് ജനറൽ സർജൻമാർ അടിയന്തിരമായി വയർ തുറന്ന് ശസ്ത്രക്രിയ ചെയ്യുകയും, കുടലിൽ തുന്നൽ ഇട്ട ഭാഗത്ത് ലീക്ക് കാണുകയും, ഫിക്കൽ പെരിറ്റോണൈറ്റിസ് എന്ന അവസ്ഥ കണ്ടെത്തുകയും ആ ഭാഗത്ത് വേണ്ട ചികിത്സ ചെയ്യുകയും, രോഗിയെ വെന്റിലേറ്ററിലേക്ക് മാറ്റുകയും ചെയ്തു. എന്നാൽ രോഗിയുടെ അവസ്ഥ ഗുരുതരമാകുകയും 12.03.2025 ന് പുലർച്ചെ 5.25 മണി സമയത്ത് മരണമടയുകയും ചെയ്തു. പ്രാഥമിക തലത്തിൽ നടത്തിയ അന്വേഷണത്തിൽ രോഗിക്ക് നൽകിയ ചികിത്സയിൽ വീഴ്ച കണ്ടെത്തിയിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നൽകാനുദ്ദേശിക്കുന്ന മാർഗനിർദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികളെ അതീവ ഗൗരവമായികണ്ട് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രി |

| | | | |
|---|---|---|---|
| | | | ഓപ്പറേഷൻ തീയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിങ്ങും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിങ്ങ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിങ്ങ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. കൂടാതെ, നിലവിലുള്ള Surgical Protocol കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ